AKPCTA

# കേരള പ്രൈവററ് കോളേജ് ടീച്ചർ

ജൂലായ് 1994

[illegible]

[illegible] (FIP) [illegible]

**AKPCTA journal**

# കേരള പ്രൈവററ് കോളേജ് ടീച്ചർ

മാസിക

അഖിലകേരള പ്രൈവററ് കോളേജ് അധ്യാപക സംഘടനയുടെ മുഖപത്രം

ജൂലായ് 1984 | നമ്പർ 50 | വില 1 രൂപ | വാർഷിക വരിസംഖ്യ 10 രൂപ

പത്രാധിപ സമിതി

ചെയർമാൻ
ടി. ഗോപാലകൃഷ്ണൻ

ചീഫ് എഡിററർ
വി. എൻ. മുരളി

അംഗങ്ങൾ:

വി. നാരായണൻകുട്ടി, ടി. കെ. ജി. നായർ
നന്ദിയോട് രാമചന്ദ്രൻ, ആർ. രവീന്ദ്രൻ നായർ
എൻ. എൻ. ആനന്ദൻ, കെ. എൻ. ഗണേശ്
ചേരാവള്ളി ശശി, തങ്കൻ പി. തൊളിക്കോട്
എൻ. പി. ഹഫീസ് മുഹമ്മദ്

## ട്രഷററുടെ അഭ്യർത്ഥന

പ്രിയ സുഹൃത്തേ,

നമ്മുടെ സംഘടന കടുത്ത സാമ്പത്തികവിഷമത്തിലാണെന്നറിയാമല്ലൊ. ദൈനംദിന പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടു പോകുന്നതുതന്നെ ഭാരവാഹികൾ പണം സ്വന്തം കൈയിൽ നിന്നെടുത്താണ്. ഈ സ്ഥിതി തുടർന്നു പോകുന്നതു തീരെ ആശാവഹമല്ലല്ലോ. കൂടാതെ നാം ചില പ്രക്ഷോഭങ്ങൾ പ്ലാൻ ചെയ്തിരിക്കയുമാണ്. അടിയന്തിരമായി കുറെപ്പണം സ്വരൂപിക്കാതെ നിർവ്വാഹമില്ല. സമരങ്ങളുടെ മുൻപിൽ പണം ഒരു വിലങ്ങുതടിയാവാൻ അനുവദിച്ചുകൂടാ. അതുകൊണ്ട് ഈ മാസത്തെ ശമ്പളത്തിൽനിന്നുതന്നെ കുറെ മെമ്പറൻമാരുടെയെങ്കിലും വാർഷിക വരിസംഖ്യ പിരിച്ച് എൻെറ പേർക്കയച്ചുതരണമെന്നഭ്യർത്ഥിക്കുന്നു. ബ്രാഞ്ചുതലത്തിൽ മെമ്പർഷിപ്പ് പ്രവർത്തനം പൂർണ്ണമാക്കിയതിനുശേഷം പണം അയക്കാമെന്നു വിചാരിച്ചിരിക്കാതെ കിട്ടുന്നത്ര മെമ്പർഷിപ്പ്തുക എത്രയും പെട്ടന്ന് എത്തിച്ചുതരണമെന്ന് ഒരിക്കൽകൂടി അഭ്യർത്ഥിക്കട്ടെ. കഴിയുന്നതും പണം ഡ്രാഫ്ററ് ആക്കിയോ മണി ഓർഡർ ആയോ അയച്ചുതന്നാൽ നന്നായിരിക്കും. ട്രഷററുടെ വിലാസം ശ്രദ്ധിക്കുക.

അഭിവാദനങ്ങളോടെ,

പ്രൊഫ. ററി. കെ. ജി. നായർ,
ട്രഷറർ, എ. കെ. പി. സി. ടി. എ.,
എൻ. എസ്. എസ്. കോളേജ്, പന്തളം.



# പ്രൊഫ. ആർ.ആർ.സി. സർവ്വീസിൽനിന്നും വിരമിച്ചു

സംഘടിത പ്രസ്ഥാനങ്ങൾക്കാകെ ആവേശകരവും മാതൃകാപരവുമായ പ്രവർത്തനം നടത്തിയ പ്രൊഫ. ആർ. ആർ. സി. സർവ്വീസിൽ നിന്നും വിരമിച്ചു. പ്രൈവറ്റ് കോളേജധ്യാപകരിൽ അവകാശ ബോധവും സംഘടനാ ബോധവും വളർത്തിയെടുക്കുന്നതിൽ അദ്ദേഹം വഹിച്ചിട്ടുള്ള പങ്ക് എടുത്തുപറയേണ്ടതുണ്ട്. നീതിനിഷേധത്തിന്റെ മുമ്പിൽ നിവേദനങ്ങളും അഭ്യർത്ഥനകളുമായി നിലകൊണ്ട പ്രൈവറ്റ് കോളേജധ്യാപകർക്ക് പ്രതിഷേധത്തിന്റേയും സമരത്തിന്റേയും പാതയിലൂടെ വളരാനും അവകാശങ്ങൾ പിടിച്ചുപറ്റാനും അദ്ദേഹം നേതൃത്വം നൽകി. 1958–ൽ എ. കെ. പി. സി. ടി. എ. രൂപം കൊള്ളുമ്പോൾ പ്രൈവറ്റ് കോളേജ് അധ്യാപകന്റെ ശമ്പളം 125 രൂപയാണ്. എപ്പോൾ വേണമെങ്കിലും മാനേജർക്ക് പിരിച്ചുവിടാം. ഈ ദുരവസ്ഥയിലാണ് വേതനം പരിഷ്കരിക്കുന്നതിനും സേവന സ്ഥിരതയ്ക്കും വേണ്ടി സുദീർഘമായ പോരാട്ടം എ. കെ. പി. സി. ടി.എ. നടത്തിയത്. ഇതോടൊപ്പം, സർവ്വശക്തൻമാരെന്നു മേനി നടിച്ചിരുന്ന

പല പ്രൈവററ് മാനേജരൻമാരുമായും നേരി ട്ടുപൊരുതി വിജയം വരിക്കാനും സംഘടനക്കു കഴിഞ്ഞു. ഈ സമരങ്ങളിലൊക്കെ പ്രൊഫ. ആർ. ആർ. സി. വഹിച്ച പങ്ക് നിസ്തുല മാണ്.

ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴയിൽ 1929 ഏപ്രിൽ നാലിനാണ് ആർ. ആർ. സി. യുടെ ജനനം. പിതാവ് വി. കെ. നാരായണ പിള്ള പുന്നപ്രയിൽ ആധാരമെഴുത്തുകാര നായിരുന്നു. സാഹിത്യ പഞ്ചാനനൻ പി. കെ. നാരായണപിള്ള അമ്മാവനാണ്.

ചങ്ങനാശ്ശേരി എസ്. ബി. കോളേജിൽ നിന്നും അദ്ദേഹം ഇൻറർമീഡിയററ് പാസായി. ആലപ്പുഴ എസ്. ഡി. കോളേജിൽ നിന്നും സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദം നേടി. തുടർന്ന് അതേ കോളേജിൽ തന്നെ ബി. കോം പരീക്ഷയ്ക്കിരുന്ന് തിരുവിതാംകൂർ സർവ്വ കലാശാലയിൽ നിന്നും 1952–ൽ രണ്ടാം റാങ്ക് കരസ്ഥമാക്കി. അതേ വർഷം ചങ്ങനാശ്ശേരി എൻ.എസ്.എസ്.കോളേജിൽ ലക്ചററായി ജോലിയിൽ പ്രവേശിച്ചു.

1957–ൽ അലിഗർ സർവ്വകലാശാലയിൽ നിന്നും എം. കോം. ബിരുദം നേടി. 1960–ൽ പ്രൊഫസറും 1968–ൽ പോസ്ററ് ഗ്രാജു വേററ് പ്രൊഫസറുമായ ആർ. ആർ. സി. 1971–ൽ ഒററപ്പാലം എൻ. എസ്. എസ്. കോളേജിൽ പ്രിൻസിപ്പലായി.

1971–ൽ ഡയറക്ട് പേമെൻറിനു വേണ്ടി നടത്തിയ സമരത്തിൽ പങ്കെടുക്കുന്നതിന് പണിമുടക്കു നോട്ടീസും പ്രിൻസിപ്പാൾ സ്ഥാനത്തു നിന്നുള്ള രാജിക്കത്തും ഒരേ സമയം സമർപ്പിച്ചുകൊണ്ട് അക്കാലത്ത് എ.കെ.പി.സി.ടി.എ ജനറൽ സെക്രട്ടറിയാ യിരുന്ന അദ്ദേഹം പ്രക്ഷോഭത്തിനു നേതൃത്വം നല്കി.

1962 മുതൽ സംഘടനയുടെ വർക്കിംഗ് കമ്മിററി അംഗമാണ്. 1967 മുതൽ 1973 വരെ സെക്രട്ടറിയായും 1977 മുതൽ 1980 വരെ പ്രസിഡൻറായും അദ്ദേഹം സേവനമനു ഷ്ടിച്ചു. 1967 മുതൽ കോളേജ് അധ്യാപക രുടെ അഖിലേന്ത്യാ സംഘടനയായ 'ഐഫ ക്ടോ'യുടെ സൗത്ത്സോൺ സെക്രട്ടറി യാണ്. ഇരുപതു കൊല്ലത്തോളം കേരള– കോഴിക്കോട് സർവ്വകലാശാലകളുടെ സെന ററംഗമായിരുന്ന ആർ. ആർ. സി. ഇരുസർവ്വക ലാശാലകളിലും ഫാക്കൽററി അംഗം, ബോ ർഡ്ഓഫ് സ്ററഡീസ് ചെയർമാൻ എന്നീ സ്ഥാനങ്ങളും വഹിച്ചിട്ടുണ്ട്. കേരള സർവ്വ കലാശാലയുടെ സ്ററാററ്യൂട്ടറി ഫിനാൻസ് കമ്മററി അംഗമായും പ്രവർത്തിച്ചു. 1968 മുതൽ കാലിക്കററ് സർവ്വകലാശാലാ സെനററ് അംഗമായിരുന്ന അദ്ദേഹം 1980–ൽ സിൻറി ക്കേററിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു.

എ.കെ.പി.സി.ടി. എ യുടെ പ്രവർത്തന ശൈലിയിൽ ഗുണപരമായ മാററം വരുത്തു ന്നതിലും പ്രൊഫ. ആർ ആർ.സി. പ്രധാന പങ്കുവഹിച്ചിട്ടുണ്ട്. പ്രൈവററ് കോളേജ ധ്യാപകർ ഒരു ഒററപ്പെട്ട തുരുത്തല്ല എന്നതു കൊണ്ടുതന്നെ കൂട്ടായ നീക്കങ്ങളും സമര ങ്ങളും അനിവാര്യമാണ്. ഗവൺമെൻറ് കോളേ ജധ്യാപക സംഘടനയായ എ. കെ. ജി. സി. ടി യുമായും, അധ്യാപകസർവ്വീസ് സംഘ ടനകളുടെ ഐക്യസമര സമിതിയുമായും, അഖിലേന്ത്യാതലത്തിൽ 'ഐഫക്ടോ' യു മായും എ. കെ. പി. സി. ടി. എ. ബന്ധ പ്പെട്ട് പ്രവർത്തിക്കുന്നുണ്ട്. സാമൂഹ്യ ചലന ങ്ങളോടു പ്രതികരിക്കാനും അതനുസരിച്ചു പ്രവർത്തിക്കാനും മുന്നേറാനും കഴിവുററ സംഘടനയായി എ. കെ. പി. സി. ടി. എ. വളർന്നിരിക്കുന്നു.

സംഘടനയും സ്വന്തം ജീവിതവും ഒന്നെന്ന തരത്തിൽ ലയിച്ചു ചേർന്നുള്ള പ്രവർത്തനം പ്രൊഫ. ആർ ആർ. സി. യുടെ പ്രത്യേകത ആയിരുന്നു. ആരീതി തുടരാനും സംഘടനയെ പൂർവ്വാധികം ശക്തിയോടെ മുന്നോട്ടു നയിക്കാനും കഴിവുള്ള ധാരാളം പ്രവർത്തകർ ഇന്നുണ്ട്. അവർ ആ ചുമതല നിറവേററുക യും ചെയ്യും.

സർവ്വീസിൽ പ്രവേശിച്ചനാൾ മുതൽ വിരമി ക്കുന്നതുവരെ സംഘടനയുടെ വളർച്ചക്കു വേണ്ടി അവിശ്രമം പ്രവർത്തിച്ച പ്രൊഫ. ആർ. ആർ. സി. യ്ക്ക് എ. കെ. പി. സി. ടി. എ. യുടെ ആശംസകൾ ☐

# കുറിപ്പുകൾ

## അധ്യാപക പ്രാതിനിധ്യം വർദ്ധിപ്പിക്കണം

പിറന്നുവീണ ഉടനേ എഴുന്നേററു നടന്ന രാവണൻെറ കഥയാണ് കോട്ടയം ഗാന്ധിജി യൂണിവേഴ്സിററിയെക്കുറിച്ചു പറഞ്ഞു തുടങ്ങുമ്പോൾ ഓർക്കുക. അറുപിൻതിരിപ്പനായ ഒരു ഓർഡിനൻസിലൂടെ തുടങ്ങിയ ഈ യൂണിവേഴ്സിററിയിൽ എന്തൊക്കെ നടക്കുന്നുവെന്ന് പറഞ്ഞറിയിക്കേണ്ടതില്ല എല്ലാവിധ നിക്ഷിപ്ത താല്പര്യങ്ങൾക്കും വിളനിലമായിട്ടുള്ള ഈ യൂണിവേഴ്സിററിയ്ക്ക് അനയോജ്യമായ ഒരു സിൻഡിക്കേററും സെനററു-കൂടി ഇപ്പോൾ ഉണ്ടായിരിയ്ക്കുന്നു. വിദ്യാഭ്യാസ കാര്യങ്ങളെക്കുറിച്ചു പറയാൻ അർഹതപ്പെട്ടവരൊഴിച്ചുള്ളവരെല്ലാം ഈ സമിതികളിലുണ്ട് ജാതിക്കോമരങ്ങൾക്ക, രാഷ്ട്രീയ ഭിക്ഷാംദേഹികൾക്കും പേരുവിളിച്ചുപങ്കു കൊടുത്തിരിക്കുന്ന സിൻഡിക്കേററിലും സെനററിലും നടക്കാൻ പോകുന്നത് നമുക്ക് ഊഹിക്കാൻ കഴിയും.

പ്രൈവററ് കോളേജധ്യാപകരുടെ 16 പ്രതിനിധികളും പ്രിൻസിപ്പലൻമാരുടെ 7 പ്രതിനിധികളും സെനററിലുണ്ടായിരിക്കണമെന്നാണ് കേരള.കാലിക്കട്ട് യൂണിവേഴ്സിററി ആക്ടുകൾ അനുശാസിക്കുന്നത്. ഗാന്ധിജി യൂണിവേഴ്സിററിയിൽ പ്രൈവററ് കോളേജധ്യാപകരുടെ പ്രാതിനിധ്യം 12 ആയി ചുരുക്കി. പ്രിൻസിപ്പലൻമാരുടെ എണ്ണം 11 ആയി വർദ്ധിപ്പിക്കുകയും ചെയ്തു. സെനററ് രൂപീകരിച്ചപ്പോൾ പ്രിൻസിപ്പലൻമാർക്കു മുഴുവൻ പ്രാതിനിധ്യവും നല്കി. അധ്യാപകരുടെ രണ്ടു പ്രതിനിധികൾ മാത്രം! പ്രൈവററ് മാനേജരൻമാരും കുറെ പ്രിൻസിപ്പലൻമാരും മതി സെനററിലെന്നാണോ ഗവൺമെൻറു കരുതുന്നത്.

ഈ പോക്ക് ചെറുക്കേണ്ടതാണ്. ഗാന്ധിജി യൂണിവേഴ്സിററി സിൻഡിക്കേററിനെക്കുറിച്ചും സെനററിനെക്കുറിച്ചും ഉയർന്നുവന്നിരിക്കുന്ന ആക്ഷേപങ്ങൾ കുറച്ചൊന്നുമല്ല. ബ്ലേയിഡുകമ്പനിക്കാരും വ്യാജ സർട്ടിഫിക്കററുകാരുംവരെ ഈ സമിതികളിലുണ്ടെന്നാണ് ഒരു പ്രമുഖ വിദ്യാർത്ഥി സംഘടനയുടെ ആക്ഷേപം സിൻഡിക്കേററിലെ വിദ്യാർത്ഥി പ്രതിനിധി വിദ്യാർത്ഥിയല്ലെന്നാണ് മറെറാരാക്ഷേപം. അതിൻെറയൊന്നും വിശദാംശങ്ങളിലേയ്ക്കു ഞങ്ങൾ കടക്കുന്നില്ല

ഏതായാലും ഉന്നത വിദ്യാഭ്യാസമേഖലയുടെയോ അധ്യാപകരുടെയോ താല്പര്യങ്ങൾ സംരക്ഷിക്കാവുന്ന ഒരു സംവിധാനമല്ല ഇപ്പോൾ ഉണ്ടായിരിക്കുന്നത്. ഉന്നത വിദ്യാഭ്യാസരംഗത്തെ അതിപ്രധാന ഘടകമായ പ്രൈവററ് കോളേജ് അധ്യാപകരെ അവഗണിച്ചുകൊണ്ടുള്ള ഗവൺമെൻറ് നീക്കം ശരിയല്ല. അധ്യാപക സംഘടനകളുമായി ആലോചിച്ച് എത്രയുംപെട്ടെന്നുതന്നെ പ്രൈവററ് കോളേജ് അധ്യാപകർക്ക് മതിയായ പ്രാതിനിധ്യം ഗാന്ധിജി യൂണിവേഴ്സിററി സമിതികളിൽ നല്കണമെന്ന് ഞങ്ങൾ അഭ്യർത്ഥിയ്ക്കുന്നു.

## എസ്. എൻ. മാനേജ്മെൻറ് സ്ഥലം മാററങ്ങളിലൂടെ അധ്യാപകരെ ദ്രോഹിക്കുന്നു.

സ്ഥലം മാററങ്ങൾക്ക് ഒരു പൊതുമാനദണ്ഡം എഴുതിയുണ്ടാക്കാൻ എസ്. എൻ. മാനേജുമെൻറു തയ്യാറായപ്പോൾ അധ്യാപകർക്ക് വളരെ പ്രതീക്ഷയുണ്ടായിരുന്നു. എന്നാൽ അതെല്ലാം തകർത്തുകൊണ്ടാണ് ഈ വർഷത്തെ ട്രാൻസ്ഫർ ലിസ്ററ് പുറത്തുവന്നിരിക്കുന്നത്. അധ്യാപകരെ എങ്ങനെ ദ്രോഹിക്കാം എന്നതിനുത്തമോദാഹരണമാണ് ഈ ലിസ്ററ്.

വിദ്യാർത്ഥികളോടും അധ്യാപകരോടും പക്ഷപാതം കാണിയ്ക്കുന്ന ഒരു പ്രിൻസിപ്പലാണ് കണ്ണൂർ എസ്. എൻ കോളജിലുള്ളത്. അവരുടെ തെററായ നടപടികൾക്കെതിരെ ശബ്ദമുയർത്തിയ എ കെ പി സി ടി എ പ്രവർത്തകരെ വിദൂരസ്ഥലങ്ങളിലേയ്ക്ക് മാനേജുമെൻറ് മാററിയിരിക്കയാണ്. പ്രിൻസിപ്പലിന്റെ നടപടികളെപ്പററി പ്രാഥമികമായ ഒരന്വേഷണം പോലും നടത്തിയതുമില്ല. നങ്ങ്യാർ കുളങ്ങര കോളേജിലെ യൂണിവേർസിററി പരീക്ഷാ ക്രമക്കേടുകളിൽ ഈ പ്രിൻസിപ്പലിനുള്ളപങ്കും, കൃത്രിമരേഖകളുടെ ബലത്തിൽ റിട്ടയർമെൻറിനു ശേഷവും സർവ്വീസിൽ തുടരുന്നതും ഒക്കെ അന്വേഷിക്കണമെന്ന് സംഘടന ആവശ്യപ്പെട്ടിരുന്നു. ഇതിനുള്ള പ്രതികാരമാണ് മാനേജ്മെൻറ് തുടരുന്നത്.

സ്ഥലംമാററങ്ങൾ ഏറെ കണ്ടവരും അനുഭവിച്ചവരുമാണ് എ കെ പി സി ടി എ പ്രവർത്തകർ. എൻ. എസ്. എസ്. മാനേജുമെൻറായിരുന്നു ഈ രംഗത്ത് പ്രതാപംകാട്ടിയിരുന്നത്. ഇപ്പോൾ അവരല്പം അടങ്ങിയിരിക്കുന്നു. അതിനുപകരമെന്നവണ്ണമാണ് എസ്. എൻ മാനേജുമെൻറിന്റെ പുറപ്പാട്. ഈ പോക്ക് അവസാനിപ്പിക്കണമെന്നാണ് മാനേജുമെൻറിനോടു ഞങ്ങൾക്ക് പറയാനുള്ളത്. യാതൊരു തത്ത്വദീക്ഷയുമില്ലാതെ നടത്തിയിട്ടുള്ള സ്ഥലം മാററങ്ങൾ റദ്ദുചെയ്യണം. അധ്യാപകരും മാനേജ്മെൻറും അംഗീകരിച്ച സ്ഥലംമാററനിർദ്ദേശകതത്ത്വം അനുസരിച്ച് അർഹതയുള്ളവർക്ക് സൗകര്യമായ സ്ഥലത്ത് മാററം കൊടുക്കണം.

അതല്ല, ഇതിങ്ങനെയൊക്കെ നടത്തുമെന്നാണെങ്കിൽ നീതിക്കുവേണ്ടി സമരമാർഗങ്ങൾ സ്വീകരിക്കാൻ അധ്യാപകർനിർബന്ധിതരാകുമെന്നും മാനേജുമെൻറിനെ ഞങ്ങൾ ഓർമ്മിപ്പിയ്ക്കുന്നു.

# സംയുക്ത സമരസമിതിയുടെ 36 മണിക്കൂർ നിരാഹാരസമരം

ശമ്പളക്കമ്മീഷൻ റിപ്പോർട്ട് ജീവനക്കാരുടെ പ്രതിനിധികളുമായി ചർച്ചചെയ്തു നടപ്പിലാക്കുക, കേന്ദ്രസർക്കാരും ബഹുഭൂരിപക്ഷംസംസ്ഥാന ഗവൺമെൻറുകളും ഇതിനകം അനുവദിച്ചുകഴിഞ്ഞ 3 ഗഡു ക്ഷാമ ബത്ത ഉടൻഅനുവദിക്കുകയും അതിന്റെ കുടിശ്ശിക പണമായിത്തന്നെ നൽകുകയും ചെയ്യുക, അനുവദിക്കുമെന്നു പറയുന്ന ബോണസ്സിന്റെ തോത് ജീവനക്കാരുമായി ചർച്ചചെയ്ത് തീരുമാനിക്കുക, ജീവനക്കാരുടെ പേരിലെടുത്തിട്ടുള്ള കേസ്സുകളും മററു പ്രതികാര നടപടികളും പിൻവലിക്കുക തുടങ്ങിയ ആവശ്യങ്ങൾഉന്നയിച്ചുകൊണ്ട് അധ്യാപക-സർവ്വീസ് സംഘടനാ സംയുക്ത സമര സമിതിയുടെ നേതൃത്വത്തിൽ സെക്രട്ടറിയേററു പടിക്കലും ജില്ലാ കേന്ദ്രങ്ങളിലും 36 മണിക്കൂർ നിരാഹാര സമരം നടന്നു. എല്ലാ ജില്ലകളിലും എ. കെ. പി. സി. ടി. എ. ഈ സമര പരിപാടിയിൽ സജീവമായി പങ്കുകൊണ്ടു. ജില്ലാകേന്ദ്രങ്ങളിൽ എ കെ പി സി ടി എ ജില്ലാ സെക്രട്ടറിമാർ നിരാഹാര സമരം നടത്തി.

സെക്രട്ടേറിയററു പടിക്കൽ മററു സംഘടനകളുടെ സംസ്ഥാന ഭാരവാഹികളോടൊപ്പം എ. കെ. പി. സി. ടി. എ. പ്രസിഡൻറ് പ്രൊഫ. ടി. ഗോപാലകൃഷ്ണൻ നിരാഹാരസമരത്തിൽ പങ്കെടുത്തു. □

# സെനററ് തെരഞ്ഞെടുപ്പുകളിൽ

# എ. കെ. പി. സി. ടി. എ. ക്ക് വൻ വിജയം

## വിജയികൾ

## കേരള യൂണിവേഴ്സിററി

1. പ്രൊഫ. എൻ. കുമാരൻ
   ഡി. ബി. കോളേജ്, ശാസ്താംകോട്ട
2. പ്രൊഫ. മാത്യു വർഗ്ഗീസ്
   ക്രിസ്ത്യൻ കോളേജ്, ചെങ്ങന്നൂർ
3. പ്രൊഫ. അബ്ദുൽ റസ്സാക്കുകുഞ്ഞ്
   എം. എസ്. എം. കോളേജ്, കായംകുളം
4. പ്രൊഫ. ജോസഫ് മാത്യു
   മാർ ഇവാനിയോസ് കോളേജ്, തിരുവനന്തപുരം
5. പ്രൊഫ. എ. ആൻറണി
   ഫാത്തിമാ മാതാ നാഷണൽ കോളേജ് കൊല്ലം
6. പ്രൊഫ. എൻ. ഭാർഗവൻ
   ടി. കെ. എം. എം. കോളേജ്, നങ്ങ്യാർകുളങ്ങര
7. പ്രൊഫ. കെ. വി. ആൻറണി
   ഇക്ബാൽ കോളേജ്, പെരിങ്ങമ്മല
8. പ്രൊഫ. പി. എൻ. ഹരിലാൽ
   എസ്. എൻ. കോളേജ്, കൊല്ലം
9. പ്രൊഫ. കെ. രവീന്ദ്രൻ
   എസ്. എൻ. കോളേജ്, ചെമ്പഴന്തി
10. പ്രൊഫ. കെ. സദാശിവൻ നായർ
    എൻ. എസ്. എസ്. കോളേജ്, ചേർത്തല
11. പ്രൊഫ. കെ. ജി. പത്മനാഭൻ നായർ
    എൻ. എസ്. എസ്. കോളേജ്, പന്തളം

# കാലിക്കട്ട് യൂണിവേഴ്സിററി

1. പ്രൊഫ. ടി. വി. ജെയിംസ്
   ക്രൈസ്ററ് കോളേജ്, ഇരിങ്ങാലക്കുട
2. പ്രൊഫ. കെ. യു. കുഞ്ഞുണ്ണി
   ശ്രീ കേരള വർമ്മ കോളേജ്, തൃശൂർ
3. പ്രൊഫ. ജി. മാധവൻ നായർ
   എൻ. എസ്. എസ്. കോളേജ്, നെൻമാറ
4. പ്രൊഫ. എൻ. കൊച്ചുനാരായണക്കുറുപ്പ്
   എൻ. എസ്. എസ്. കോളേജ്, ഒററപ്പാലം
5. പ്രൊഫ. പി. പി. ശ്രീധരൻ
   എസ്. എൻ. കോളേജ്, കണ്ണൂർ
6. പ്രൊഫ. സലിം
   ഫറൂക് കോളേജ്, ഫറൂക്
7. പ്രൊഫ. എം. കെ. ചിണ്ടൻ കുട്ടി
   എസ്. എസ്. കോളേജ്, തളിപ്പറമ്പ്
8. പ്രൊഫ. പോൾസൺ. സി തോമസ്
   എം. ഇ. എസ്, കോളേജ്, പൊന്നാനി
9. പ്രൊഫ. എം. ആർ. ചന്ദ്രശേഖരൻ
   പയ്യന്നൂർ കോളേജ്, പയ്യന്നൂർ

# അക്കാദമിക് കൗൺസിൽ വിജയികൾ (കേരള)

ഇംഗ്ളീഷ് : ഡോ. എസ്. ശ്രീനിവാസൻ
എസ്. എൻ. കോളേജ്, കൊല്ലം

മലയാളം : പ്രൊഫ. ജെ. പത്മകുമാരി
വി. ടി. എം. എൻ. എസ്. എസ്. കോളേജ്, ധനുവച്ചപുരം

ഫിസിക്സ് : പ്രൊഫ. ജി. ബലരാമൻ
ടി. കെ. എം. എം. കോളേജ്, നങ്ങ്യാർകുളങ്ങര

സുവോളജി : പ്രൊഫ. സി. ആർ. മോഹനൻ നായർ
എസ്. ഡി. കോളേജ്, ആലപ്പുഴ

മാത്തമററിക്സ് : പ്രൊഫ. കെ. വെങ്കിടാചലം
ബിഷപ്പ് മൂർകോളേജ്, മാവേലിക്കര

കോമേഴ്സ് : പ്രൊഫ. പി. ഹരികുമാരൻനായർ
എം. ജി. കോളേജ്, തിരുവനന്തപുരം

കെമിസ്ട്രി : പ്രൊഫ. ജോസഫ് പുല്ലുകാട്
മാർഇവാനിയോസ് കോളേജ്, തിരുവനന്തപുരം

# പ്രവർത്തകസമിതി തീരുമാനങ്ങൾ (28-5-1984)


## പ്രൊഫ. വി. നാരായണൻകുട്ടി
ജനറൽ സെക്രട്ടറി


1. പരീക്ഷ സംബന്ധിച്ച കൃത്യനിർവ്വഹണത്തിലേർപ്പെട്ടിരിക്കേ ശാസ്താംകോട്ട ദേവസ്വം ബോർഡ് കോളജിലെ മൂന്ന് അധ്യാപകർ കയ്യേററം ചെയ്യപ്പെട്ടസംഭവത്തിൽ യോഗം ശക്തിയായി പ്രതിഷേധിച്ചു. ഇതു സംബന്ധിച്ച് അംഗീകരിക്കപ്പെട്ട പ്രമേയത്തിൽ പ്രസ്തുത അദ്ധ്യാപകർക്ക് മതിയായ ചികിൽസാച്ചിലവും നഷ്ടപരിഹാരവും നൽകുക, കുററവാളികളെ മാതൃകാപരമായി ശിക്ഷിക്കുക, പരീക്ഷാജോലിയിലേർപ്പെടുന്ന അധ്യാപകർക്ക് പോലീസ് സംരക്ഷണം നൽകുക എന്നീ ആവശ്യങ്ങൾ യോഗം ഉന്നയിച്ചു.

2. പരീക്ഷാ ജോലിയുടെ പ്രതിഫലം വിതരണം ചെയ്യുന്നതിൽ കേരളാ_കാലിക്കററ് സർവ്വകലാശാലകളിലുണ്ടായിട്ടുള്ള അമിതമായ കലതാമസത്തിൽ യോഗം പ്രതിഷേധം രേഖപ്പെടുത്തി. കുടശ്ശികകൾ ലഭിക്കാതിരിക്കേ പരിശോധിച്ച ഉത്തരക്കടലാസുകൾ കയ്യിൽ നിന്ന് കാശുമുടക്കി തിരിച്ചയക്കാൻ അധ്യാപകന് ബാദ്ധ്യതയില്ലെന്ന് യോഗം ചൂണ്ടിക്കാട്ടി, കുടിശ്ശികകൾ തന്നുതീർക്കുന്ന മുറയ്ക്ക് പരിശോധിച്ച ഉത്തരക്കടലാസുകൾ തിരിച്ചയക്കാമെന്നൊരു നിലപാടെടുത്തു കൊണ്ട് മാത്രമേ നമ്മുടെ സർവ്വകലാശാലാധികാരികളുടെ അനാസ്ഥയെ നേരിടാനാവൂ എന്ന് ബോധ്യം വന്നതുകൊണ്ട് അത്തരമൊരു പ്രത്യക്ഷ നടപടിയാരംഭിക്കുവാൻ യോഗം തീരുമാനിച്ചു. ഇതാരംഭിക്കുന്നതിന് മുമ്പ് പ്രശ്നം പൊതുജനസമക്ഷം അവതരിപ്പിക്കുവാനും കഴിയുമെങ്കിൽ സർവ്വകലാശാലധികാരികളുടെ കണ്ണു തുറപ്പിക്കുവാനും ഉതകുമാറ് ജൂൺമാസത്തിൽ ഇരു സർവ്വകലാശാലകളുടെയും ഓഫീസ് പടിക്കൽ കൂട്ടധർണ്ണ നടത്തണമെന്ന് യോഗം നിർദ്ദേശിച്ചു. എ. കെ. ജി. സി. ടി. യെപ്പോലുള്ള മററു സംഘടനകളുമായി ആലോചിച്ച് ഈ സമരപരിപാടിക്ക് അന്തിമരൂപം നൽകുന്നതാണ്.

3. നോൺ കേഡർ ഒന്നാം ഗ്രേഡ് പ്രൊഫസർഷിപ്പ് അനുവദിക്കുന്നതു സംബന്ധിച്ചുള്ള സർക്കാർ കൽപ്പനകളിലും സിണ്ടിക്കേററു തീരുമാനങ്ങളിലും ഇല്ലാത്ത കോൺഫിഡൻഷ്യൽ റിക്കാർഡിന്റെ കാര്യം യൂണിവേഴ്സിററി കല്പനയിൽ ഉൾപ്പെടുത്തുകയും സിൻഡിക്കേററിലെ അധ്യാപക പ്രതിനിധികൾ അതു പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടപ്പോൾ സർക്കാരിൽ നിന്ന് വിശദീകരണം തേടുകയും ചെയ്ത കാലിക്കററ് യൂണിവേഴ്സിററി ഉദ്യോഗസ്ഥൻമാരുടെ നടപടിയിൽ യോഗം ശക്തിയായി പ്രതിഷേധിക്കുകയും, ഈ അധ്യാപകവിരുദ്ധ നടപടിക്കെതിരെ യഥാസമയം പ്രത്യക്ഷ നടപടികൾ ആരംഭിക്കണമെന്ന് തീരുമാനിക്കുകയും ചെയ്തു.

4. ശമ്പള കുടിശ്ശിക ബില്ലുകൾ, പ്രൊവിഡൻറ് ഫണ്ടിൽ നിന്നുള്ള അഡ്വാൻസുകൾ, റിട്ടയർമെൻറ് ആനുകൂല്യങ്ങൾ എന്നിവ കിട്ടുന്നതിലുള്ള കാലതാമസം സംബന്ധിച്ച് കോളേജ് വകുപ്പ് ഡയറക്ടറുമായി ചർച്ച നടത്തണമെന്ന് യോഗം തീരുമാനിച്ചു.

5. നോൺകാഡർ ഒന്നാം ഗ്രേഡ് പ്രൊഫസർഷിപ്പ് അനുവദിക്കാനുള്ള വ്യവസ്ഥകളിൽ നിന്നും സ്ക്രീനിങ്ങ് നീക്കം ചെയ്തു കിട്ടുവാനുള്ള പ്രക്ഷോഭ

ത്തിന്ന് ആക്കം കൂട്ടുവാൻ യോഗം തീരുമാനിച്ചു. മററു സംഘടനകളുമായി കൂടിയാലോചിച്ച് ജൂലായ് മാസത്തിൽ ഈ ആവശ്യമുന്നയിച്ചുകൊണ്ട് സെക്രട്ടറിയേററിന് മുമ്പിൽ കൂട്ടധർണ്ണ നടത്തണമെന്ന് യോഗം നിർദ്ദേശിച്ചു.

6. അധ്യാപക—സർവ്വീസ് സംഘടനാ സമര സമിതിയുമായുള്ള ബന്ധം എല്ലാ തലത്തിലും മെച്ചപ്പെട്ടത്തേണ്ടതാണ്. സമിതി ഏറെറടുക്കുന്ന പ്രക്ഷോഭണ പരിപാടികളിൽ സംഘടന യഥാശക്തി സജീവമായിത്തന്നെ പങ്കെടുക്കണം. സമര സമിതിയിൽ സംഘടനയെ പ്രതിനിധീകരിക്കുന്നതിന് പ്രസിഡൻറിനെ ചുമതലപ്പെടുത്തി.

7. എൻ. എസ്. എസ് മാനേജുമെൻറ് ഈയ്യിടെ നടത്തിയ പൊതു സ്ഥലം മാററങ്ങൾ ചർച്ചാവിഷയമായി. മാനേജുമെൻറ് അനുവർത്തിച്ചു പോരുന്ന എ.കെ.പി.സി.ടി.എ. വിരുദ്ധ നയത്തിൽസ്വാഗതാർഹമായ വ്യതിയാനം കാണുന്നതായി യോഗം വിലയിരുത്തി. എന്നാൽ അസൗകര്യപ്രദമായ സ്ഥലങ്ങളിൽ ഏറെക്കാലമായി ജോലി ചെയ്യ വരുന്ന എത്രയോ അധ്യാപകർ സൗകര്യപ്രദമായ കോളേജുകളിലേക്ക് സ്ഥലംമാററം കാത്തുനിൽപ്പുണ്ട്. എൻ. എസ്. എസ്. കോളേജിലെ ബ്രാഞ്ച് യോഗംചേർന്ന് അത്തരം അധ്യാപകരുടെ ലിസ്ററ് ജനറൽ സെക്രട്ടറിക്കു അയക്കേണ്ടതാണ്. പ്രവർത്തക സമിതി ഈ ലിസ്ററു പരിശോധിച്ച് അംഗീകരിച്ച ശേഷം ഈ അദ്ധ്യാപകരുടെ കാര്യം മാനേജുമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

8. സർവ്വീസിൽ നിന്ന് റിട്ടയർ ചെയ്ത സംഘടനയുടെ സമുന്നത നേതാവായ പ്രൊഫ. ആർ. ആർ. സി. നായർക്ക് സമുചിതമായ യാത്രഅയപ്പുനൽകണമെന്ന് യോഗം തീരുമാനിച്ചു. തിരുവനന്തപുരത്തും കോഴിക്കോട്ടും മററു സർവ്വീസ് സംഘടനകളുമായി ആലോചിച്ച് യാത്രയയപ്പു പരിപാടികൾ സംഘടിപ്പിക്കാനും സ്റേററ് കൗൺസിലിന്റെ യോഗം വിളിച്ചുചേർത്ത് സംഘടയുടെ വകയായി യാത്രയയപ്പു നൽകുവാനും തീരുമാനമുണ്ടായി. ഇതിനു പുറമേ ജില്ലാ കൗൺസിലുകൾക്കും ബ്രാഞ്ചുകൾക്കും യാത്രയയപ്പുകൾ നൽകാവുന്നതാണ്. ഇതു സംബന്ധിച്ച് വിശദമായ പരിപാടികൾ ആസൂത്രണം ചെയ്യുവാൻ പ്രസിഡണ്ട്, ജനറൽ സെക്രട്ടറി, ട്രഷറർ, കെ. സി. ചാക്കോ, കെ. ജി. രാമൻപിള്ള, വി എൻ മുരളി എന്നിവരടങ്ങിയ ഒരു സബ്കമ്മിററിയെ യോഗം ചുമതലപ്പെടുത്തി.

9. തൃശൂർ വിമലാ കോളേജിൽ ഒരു താൽക്കാലിക തസ്തികയിൽ 2 വർഷത്തിലധികം ജോലിചെയ്ത ലതിക എന്ന അദ്ധ്യാപികയെ സ്ഥിരതസ്തികകളിൽ ഒഴിവുണ്ടായിട്ടുപോലും മാനേജുമെൻറ് പിരിച്ചയച്ചിരിക്കുകയാണ്. ഇതു സംബന്ധിച്ച് മാനേജുമെൻറിനെകണ്ടു നിവേദനം നടത്തുവാൻ ജനറൽ സെക്രട്ടറി, ട്രഷറർ, കെ. സുകുമാരൻനായർ, ഡോ. പി. എസ്. പണിക്കർ എന്നിവരെ യോഗം ചുമതലപ്പെടുത്തി.

10. സേവന വ്യവസ്ഥകൾ സംബന്ധിച്ച കേരള സർവ്വകലാശാല ഓർഡിനൻസുകൾ നിലവിൽവന്ന 4–3–67നു ശേഷമുള്ള സർവ്വീസിനുമാത്രമേ പ്രൈവററ് കോളേജ് അദ്ധ്യാപകർക്ക് ഹാഫ് പേ ലീവ് അനുവദിക്കുകയുള്ളുവെന്ന കോളീജിയേററു വകുപ്പിന്റെ നിലപാടിൽയോഗം പ്രതിഷേധിച്ചു. അദ്ധ്യാപകരുടെ മുഴുവൻ സർവ്വീസും കണക്കിലെടുത്ത് ഈ ആനുകൂല്യം ലഭിക്കത്തക്ക വിധം ആവശ്യമായ തീരുമാനമെടുക്കണമെന്ന് യോഗം കേരള സർവ്വകലാശാലയോട് അഭ്യർത്ഥിച്ചു.

11. ശമ്പള കമ്മീഷൻ റിപ്പോർട്ട് സമർപ്പിക്കാനുള്ള കാലാവധി ഇനിയും നീട്ടിക്കൊടുക്കരുതെന്നും നീട്ടിക്കൊടുത്ത കാലാ

(ശേഷം 28–ാം പേജിൽ)

# എ കെ പി സി ടി എ ഭാരവാഹികൾ (1984-85)

പ്രസിഡൻറ് : പ്രൊഫ. ടി. ഗോപാലകൃഷ്ണൻ
എസ്. എൻ. കോളേജ്, ചേർത്തല

വൈസ് പ്രസിഡൻറ് : പ്രൊഫ. എൽ. ജി. വർഗ്ഗീസ്
എസ്. എൻ. കോളേജ്, ചെമ്പഴന്തി

ജനറൽ സെക്രട്ടറി : പ്രൊഫ. വി. നാരായണൻകുട്ടി
ഗുരുവായൂരപ്പൻ കോളേജ്, കോഴിക്കോട്

സെക്രട്ടറിമാർ : പ്രൊഫ. വി. കുട്ടൂസ
എം. ഇ. എസ്. കോളേജ്, മമ്പാട്

പ്രൊഫ. സി. കെ. ഗോപി
ഡി. ബി. കോളേജ്, ശാസ്താംകോട്ട

പ്രൊഫ. എം. സി. ചാക്കോ
സി. എം. എസ്. കോളേജ്, കോട്ടയം

ട്രഷറർ : പ്രൊഫ. ടി. കെ. ജി. നായർ
എൻ. എസ്. എസ്. കോളേജ്, പന്തളം

## ജില്ലാ കൗൺസിൽ

### തിരുവനന്തപുരം

പ്രസിഡൻറ് : പ്രൊഫ. എൻ. രാമചന്ദ്രൻ
ക്രിസ്ത്യൻ കോളേജ്, കാട്ടാക്കട

സെക്രട്ടറി : പ്രൊഫ. കെ. ജി. രാമൻപിള്ള
എം. ജി. കോളേജ്, തിരുവനന്തപുരം

### കൊല്ലം

പ്രസിഡൻറ് : പ്രൊഫ. ഉദയഭാനു
എസ്. എൻ. കോളേജ്, കൊല്ലം

സെക്രട്ടറി : പ്രൊഫ. കെ. ആർ. സുരേന്ദ്രൻ
എസ്. എൻ. കോളേജ്, കൊല്ലം

### ആലപ്പുഴ

പ്രസിഡൻറ് : പ്രൊഫ. എം. എസ്. പ്രസന്ന
ടി. കെ. എം. എം. കോളേജ്, നങ്ങ്യാർകുളങ്ങര

സെക്രട്ടറി : പ്രൊഫ. എൻ. ചന്ദ്രശേഖരൻ നായർ
എസ്. ഡി. കോളേജ്, ആലപ്പുഴ

## പത്തനംതിട്ട

സെക്രട്ടറി : പ്രൊഫ. ജെ. ജോൺസൺ
സെൻറ് തോമസ് കോളേജ്, കോഴഞ്ചേരി

## കോട്ടയം-ഇടുക്കി

പ്രസിഡൻറ് : പ്രൊഫ. പി. കെ. ബാലകൃഷ്ണക്കുറുപ്പ്
എൻ. എസ്. എസ്. കോളേജ്, ചങ്ങനാശ്ശേരി

സെക്രട്ടറി : പ്രൊഫ. ടി. ജോർജ് സെബാസ്ററ്യൻ
കെ. ഇ. കോളേജ്, മാന്നാനം

## എറണാകുളം

പ്രസിഡൻറ് : പ്രൊഫ. സി. കെ. അബ്ദുൾറഹ്മാൻ
സെൻറ് പോഠംസ് കോളേജ്, കളമശ്ശേരി

സെക്രട്ടറി : പ്രൊഫ. കെ. സി പൗലോസ്
എം. എ. കോളേജ്, കോതമംഗലം

## തൃശൂർ

സെക്രട്ടറി : പ്രൊഫ. ആർ. പി. മേനോൻ
എം. ഇ. എസ്. അസ്മാബി കോളേജ്, വെമ്പല്ലൂർ

## പാലക്കാട്

പ്രസിഡൻറ് : പ്രൊഫ. എം. മുഹമ്മദ്
എം. ഇ. എസ്. കല്ലടി കോളേജ്, മണ്ണാർക്കാട്

സെക്രട്ടറി : പ്രൊഫ. കെ. സുകുമാരൻ നായർ
എൻ. എസ്. എസ്. കോളേജ്, നെൻമാറ

## മലപ്പുറം

പ്രസിഡൻറ് : പ്രൊഫ. എ. ബി. അബ്ബാസ്
പി. എസ്. എം. ഒ. കോളേജ്, തിരൂരങ്ങാടി

സെക്രട്ടറി : ശ്രീ. എ. പ്രതാപചന്ദ്രൻ നായർ
എൻ. എസ്. എസ്. കോളേജ്, മഞ്ചേരി

## കോഴിക്കോട്-വയനാട്

പ്രസിഡൻറ് : പ്രൊഫ. ജി. ഷാജി
സെൻറ് മേരീസ് കോളേജ്, സുൽത്താൻ ബത്തേരി

സെക്രട്ടറി : പ്രൊഫ. പി. ടി. അബ്ദുൽലത്തീഫ്
ഫറൂക് കോളേജ്, ഫറൂക്

## കണ്ണൂർ

പ്രസിഡൻറ് : പ്രൊഫ. കെ. ജെ. സിറിയക്
നെഹ്റു ആർട്സ് ആൻറ് സയൻസ് കോളേജ്, കാഞ്ഞങ്ങാട്

സെക്രട്ടറി : പ്രൊഫ. കെ. ഇ. എ. പത്മനാഭൻ
എസ്. എൻ. കോളേജ്, കണ്ണൂർ

# DROP UNWARRANTED 'SCREENING'

## AKPCTA's Plea to the Education Minister

In a Memorandum to the State Education Minister the AKPCTA urged him to imedaitely drop the provision in the existing Government Order for the giving of clearance by a "Screening Committee" for nominating college teachers with long years of service to Grade I Non-Cadre Professorship. The AKPCTA pointed out, though the Order instituting the Grade I Professorship had been issued more than a year back, following the indefinite strike threat by college teachers, no teacher had yet received the benefits, only becauas of the unwarranted 'Screening' - the main hurdle - proposed by the Government.

The AKPCTA made it quite clear that there was no justification at all for retaining the provision for the 'screening', for what was actually involved in the nomination to the non-Cadre Professorship was simply an up gradation of the post held by a teacher on completion of 20 year's total service. What was relevant in this upgradatoin which was not treated as Promotion, was the service length of the teacher concerned. No change of duty was involved in the nomination and hence no additional qualification was prescribed for the nomination. More important, the AKPCTA pointed out, there had not been any "Screening" for the promotion of teachers as non-cadre Grade II Professor, the benefit of which the teachers had been enjoing since 1973, based on a Govt. Order. There had buen no screening even In conncetion with the real promotions of teachers as Cadre Professors - Grade II and Grade I - which involved change of duty and in respect of which the qualification, teaching experience, fitness, etc. of the teacher concerned, were very importent. The AKPCTA clarified and added that all that had to be done in connection with the nomination as Grade I non-cadre Professor was the verification of the service particulars detailed in the service book of the teachers which the universities could do and which they had all along been doing for giving approval for promotions - Cadre and non-cadre. What the proposed screening could do was only to cause delay and deny the benefits of higher grade to teachers.

The AKPCTA, therefore, appealed to the Minister to consider the relevant facts with an open mind at least now and immediately issue orders doing away with the unnecessary and untenable screening in order to enable the teachers with long service to enjoy the long-awaited benefits.

Sd/-

Prof. T. GOPALAKRISHNAN
President, AKPCTA

Trivandrum
23-5-84

# സിൻഡിക്കേററിലേക്കുള്ള എ. കെ. പി. സി. ടി. എ. സ്ഥാനാർത്ഥികൾ

### കേരള സർവകലാശാല

ഒന്നാം സ്ഥാനാർത്ഥി : പ്രൊഫ. എ. ആൻറണി
ഫാത്തിമാ കോളേജ്, കൊല്ലം

രണ്ടാം സ്ഥാനാർത്ഥി : പ്രൊഫ. എൻ. ഭാർഗവൻ
ടി.കെ.എം.എം. കോളേജ്, നങ്ങ്യാർകുളങ്ങര

### കാലിക്കട്ട് സർവകലാശാല

ഒന്നാം സ്ഥാനാർത്ഥി : പ്രൊഫ. ജി. മാധവൻ നായർ
എൻ. എസ്. എസ്. കോളേജ്, നെൻമാറ

രണ്ടാം സ്ഥാനാർത്ഥി : പ്രൊഫ. ടി. വി. ജെയിംസ്
ക്രൈസ്ററ് കോളേജ്, ഇരിങ്ങാലക്കുട

# സംഘടനയുടെ ലെയ്സൺ ഓഫീസറൻമാർ

കൊല്ലം ആർ. ഡി. ഡി. ഓഫീസ് : പ്രൊഫ. സി. കെ. ഗോപി
(ഡി. ബി. കോളേജ്, ശാസ്താംകോട്ട)

തൃപ്പൂണിത്തുറ ആർ.ഡി.ഡി. ഓഫീസ് : ഡോ. എം.സി. ചാക്കോ
(സി.എം. എസ്. കോളേജ്, കോട്ടയം)

കോഴിക്കോട് ആർ.ഡി.ഡി. ഓഫീസ് : പ്രൊഫ. വി. കുട്ടൂസ
(എം. ഇ. എസ്. കോളേജ്, മമ്പാട്)

സെക്രട്ടേറിയററ്, ഡി.സി.ഇ. : പ്രൊഫ. പി. നരേന്ദ്രൻ
(എൻ.എസ്.എസ്. കോളേജ്, നിലമേൽ)

അംഗങ്ങൾ, ബ്രാഞ്ചുസെക്രട്ടറിവഴി പ്രശ്നങ്ങൾ ഇവർക്ക് എഴുതണമെന്ന് അഭ്യർത്ഥിയ്ക്കുന്നു.

# കേരള യൂണിവേഴ്സിററി സിൻഡിക്കേററിൻെറ ചില പ്രധാന തീരുമാനങ്ങൾ

## വെക്കേഷൻകാലത്തെ പ്രമോഷന് സാധുതയുണ്ട്

1. Minutes of the meeting of the Syndicate standing Committee on Teaching and Non-teaching staff of Private Colleges held on 10th April, 1984 (as apporved by the Syndicate at its meeting held on 18-4-1984)

Item No. 3 Promotion of Private College Teachers as Cadre Grade II and Grade I Professors, made during vacation-eligibility of the teachers promoted for the promotion benefits during the first vacation regarding.

The Committee considered the Governmemt letter No. 17722/F1/83/ H. Edn. dated 10-2-1984 wherein it has been clarified thus "the benefit of promotion is allowed from the date of assumption of charge of the new post irrespective of whether such date falls within the vacation or not"

The Committee recommended that the Government clarification be accepted and that the promotion of Shri K. J. Joseph, S. H. College, Thevara made during the vacation be approved on the basis of the clarification. Further recommended that identical cases, if any (pending or those likely to be reported in future), may be disposed of on the basis of the Government clarification referred to above.

Note: Shri K. J. Joseph, S. H College, Thevara was promoted as Grade I cadre Professor of English with effect from 1-5-1981. The question whether the above promotion, made during vacation, could be approved was considered by the meeting of the Syndicate held on 27th/28th Jan. 1983 and it was decided that the views of the Government regarding this be sought. The Government vide their letter No 17722/F1/83/H. Edn. dated 10-2-1984 have clarified that in respect of Government College teachers the benefit of promotion is allowed from the date of assumption of charge of the new post, irrespective of whether such date falls within the vacation or not" (T G)

GOVERNMENT LETTER

## GOVERNMENT OF KERALA

No. 17722/F1/93/H Edn.
Higher Education Department
Trivandrum: Dated 10-2-1984.

From

The Secretary to Government

To

The Registrar,
University of Kerala,
Trivandrum.

Sir,

Sub: Collegiate Education-Arts and Science colleges- promotion as Cadre Professors during vacation - reg.

Ref: Your letter No. AC. F. II/5. 313/81-82 dated 7-4-1983.

I am directed to invite your attention to the reference cited and to state as follows:-

As per Rule 23 (a) of Part I, KSR an officer shall begin to draw the pay and allowances attached to his tenure of a post with effect from the date he assumes the duties of that post. In respect of Government College teachers the benefit of promotion is allowed from the date of assumption of charge of the new post irrespective of whether such date falls within the vacation or not.

Yours faithfully,

Sd/-
Under Secretary
For Secretary to Government.

---

## 1967 ന് മുമ്പുള്ള സർവ്വീസിനും ലീവാനുകൂല്യങ്ങൾ

---

II. Minutes of the Special meeting of the Standing Committee of the Syndicate on Teaching and Non-teaching Staff of Private Colleges held on 8th June 1984 (as approved by the Syndicate at its meeting held on 16-6-1984).

Item No. 1 Private Colleges - Eligibility for Leave for service prior to 4-3-1967 - regarding.

The Committee considered the various letters received in the university from the Government seeking clarification from the University in regard to the eligibility of private college teachers for leave for service prior to 4-3-1967 also.

The Committee noted the provisions in the Kerala University Ordinances issued under Section 26 of Act 14 of 1957 (Chapter LVII - "Conditions of Service of teachers in Private Colleges") as also the provisions in the amended Ordinances notified in 1967. The Provisions in both are practically the same. Section 23, Chapter LVII-"Conditions of Service of Teachers in Private Colleges" as amended (in 1967) reads thus:

> "Half Pay Leave will be admissible to a teacher at the rate of 20 days for each completed year of service and will be available for private affairs or on medical certificate."

The above provision is sufficiently clear and according to the provision, a teacher of private college is eligible for leave for the entire service put in by him from the date of first entry of the teacher in service.

A clarification to the above effect may be given to the government, the Director of Collegiate Education and the Deputy Directors of Collegiate Education.

Note:- The different Deputy Directors of Collegiate Education have been holding that the teachers of private colleges are eligible to get leave only for their service from 4-3-1967. the date of the amendment made under Section 26 of Kerala University Act of 1957. (Act 14 of 1957), It seems, they have taken the above position because of objections raised by the Accountant General, to the calculation of leave taking into account the service of the teachers prior to 4-3-67 also. The objection of the Accountant Generol was on the basis of a circular No GD 1/841/65 dated 10-5-1967 said to have been issued by the University of Kerala, some 18 years back. The A.G has been maintaining that, as per the University circular the service put in by private college tearchers prior to 4-3-'67 cannot be taken into account for calculating leave.

Actually, the stand taken by the Accountant General and the Deputy Directors of Collegiate Education is not consistent with the provisions of law. They were in fact, objecting to the counting of service prior to 4-3-1967 for the purpose of calculating leave without even knowing the content of the university circular.

The Director of Collegiate Education and Deputy Directors of Collegiate Education have, however, sought the clarification of the University of Kerala in the matter.

The relevant provisions of law are given here under:-

(1) Chapter LVII- "Conditions of service of teachers in private colleges" - of Kerala University Ordinance made under Section 26 of the Kerala University Act 1957 (Published in Kerala Gazette No. 39 dt. 6. 10 1964) Para 28 reads:

"Leave on half pay will be admissible to a teacher at the rate of twenty days for each completed year of service"

(2) Amendments to the First Ordinances dt. 4. 3. 67. Chapter LVII-Conditions of service of teachers in private colleges". Ordinance 23 reads:-
"Half pay leave will be admissible to a teacher at the rate of twenty days for each completed year of service and will be available for private affairs or on medical certificate."

The provisions in the 1964 Ordinances and that in the amended Ordinaces are practically the same. There is no mention in these provisions that the entire service of a teacher from the date of first entry will not be taken into account for the purpose ofcalculating leave. (T.G.)

---

## ഇൻറർ യൂണിവേഴ്സിററി ട്രാൻസ്ഫറുകൾക്ക് അപ്രൂവൽ ആവശ്യമില്ല

---

Item No. 2 Inter - university transfer - approval of observation of the High Court contained in the Judgment in OP No. 439/80 -, consideration of- regarding.

The Committee considered the observations of the High Court contained in

its Judgment in OP No. 439/80 filed by one Sri K Mohanan, forwarded to the University by the Government.

The Court has observed thus: "The question of approval arises only in those cases where approval is necessary for an appointment under both the enactments, ie., for initial appointment. No approval is necessary when a teacher is transferred, and consequently, when a teacher from the Kerala University area, is transferred to the Calicut University area, he automatically becomes a teacher of the latter area with all the rights and protections he had in the former."

The Legal Advisor of the University who was consulted, remarked that it was not necessary to continue the present practice of issuing approval orders in the case of inter-university transfers.

The Committee, therefore, recommended that the present practice of approving "transfer and posting" from one university area to another be dispensed with. The Director of Collegiate Education and the Deputy Directors of Collegiate Education may be informed of the decision (The observations of the High Court may be brought to their attention).

Note:- Shir K. Mohanan, Lecturer in English, T. K. M. M. College, Nangiarkulangara, who was transferred to SN College, Alathur, filed an OP- OP No. 439/80B - challenging the transfer ordered by SN Management on the ground that the Management had no power at all to transfer a teacher from one university area to another. The Court, after having heard the parties concerned, held that the transfer order of the Management "cannot...... be successfully assailed on the ground of lack of power." and dismissed the petition.

The Court at the same time observed that "no approval is necessary when a teacher is transferred" from a college in on university area to a college in another university area. The teacher transferred automatically becomes a teacher of the university area to which he is transferred.

The important fact underlying the observation of the High Court is: that a university need approve only those appointments referred to in the Kerala/Calicut University Act. There is no mention in the enactments of "appointments by transfer" So the question of approval does not arise in the case of such "transfer appointments". Strictly speaking only initial appointments - as Junior Lecturer, Cadre Professors and Principals - need be approved by the University, for only those appointments are referred to in Section 57 of the Kerala/Calicut University Act - (T.G.) ☐

## വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം

കേന്ദ്ര ഗവൺമെൻറ് ഇന്ത്യയിലൊട്ടാകെ വിദ്യാഭ്യാസത്തിനായി ചെലവാക്കുന്ന തുകയെക്കാൾ കൂടുതൽ തുകയാണ് പശ്ചിമ ബംഗാൾ ഗവൺമെൻറ് തനിച്ച് ഈ രംഗത്ത് ചെലവാക്കുന്നത്. 1984-85ലേയ്ക്കുള്ള ബഡ്ജറ്റിൽ വിദ്യാഭ്യാസത്തിനുവേണ്ടി ബംഗാൾ ഗവൺമെൻറ് 459 കോടി രൂപാ വകയിരുത്തിയിട്ടുണ്ട്. കേന്ദ്രം ഇതേ കാലയളവിൽ രാജ്യത്തൊട്ടാകെ വിദ്യാഭ്യാസ മേഖലയ്ക്ക് നീക്കിവെച്ചിരിയ്ക്കുന്നത് 417 കോടി രൂപാ മാത്രമാണ്.

# പരീക്ഷാ ജോലികൾക്കുള്ള പ്രതിഫലം: ഇനിയും വൈകിയാൽ നിസ്സഹകരണം

To

The Vice Chancellor,
University of Kerala.

Sir,

Sub:- Remuneration T. A., D. A., and Transmission charges due to the examiners - highly excessive delay in making payment - Dharna and demonstration proposed to be staged, protesting against the delay and demanding immediate payment of dues - notice

Ref:- Lr. dt. 18- 4- 1984 from the General Secretary, AKPCTA addressed to the Vice - Chancellor

May I draw your kind attention to the letter cited from the General Secretary AKPCTA written to forward a Resolution adopted by the State Working Committee of the Association at its meeting held on 15-4 1984? The working committee viewed with concern the inordinate and highly excessive delay caused in clearing the arrears due to the teachers for the work done by them in connection with the University examinations held in 1981 and afterwards. The wroking committee felt certain that it had no alternative to giving a call to the teachers not to co-operate with the Kerala University authorities who have failed to keep the words given to the representatives of the AKPCTA more than a year back. The working committee however before deciding to give the call to the teachers, appealed to the University authorities to pay off all arrears due to the teachers before 31-5-84

